(ബി) കമ്പനിക്ക് ആവശ്യമുള്ള യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) കമ്പനിക്ക് ആവശ്യമുള്ള യന്ത്രസാമഗ്രികൾ ഇടനിലക്കാരെക്കൊണ്ട് വാങ്ങുന്നതുമൂലം കമ്പനിക്ക് കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടാക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കെ.എം.എം.എൽ.-ന്റെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ടെൻഡറുകൾ ഉറപ്പിച്ചതിൽ നടന്ന അഴിമതിയെക്കുറിച്ചും, ഡിസാലിനേഷൻ പ്ലാന്റ് സ്ഥാപിക്കാൻ ബി.എസ്.ഇ.എൽ.-ന്റെ ടെൻഡർ തള്ളിക്കളഞ്ഞ് ഒരു സ്വകാര്യ കമ്പനിക്ക് ഇരട്ടിയിലധികം തുകയ്ക്ക് ഓർഡർ നൽകിയതിൽ നടന്ന ക്രമക്കേടും അന്വേഷിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കെ.എം.എം.എൽ.-ന്റെ പ്രവർത്തനങ്ങൾ ഗവൺമെന്റ് പരിശോധിക്കുന്നുണ്ട്. ഓരോ മാസവും കമ്പനിയുടെ പ്രവർത്തന റിപ്പോർട്ട് ഗവൺമെന്റിലേക്ക് നൽകുന്നുണ്ട്.

(ബി) കമ്പനിയുടെ ബോർഡ് അംഗീകരിച്ച purchase proeedure അനുസരിച്ചാണ് കമ്പനിക്ക് ആവശ്യമുള്ള യന്ത്രസാമഗ്രികൾ വാങ്ങുന്നത്. സാധനത്തിന്റെ വിലയനുസരിച്ച് വിവിധ കമ്മിറ്റികൾ പരിശോധിച്ച കമ്പനിയുടെ Internal Audit, Finance Department ഇവയുടെ അംഗീകാരത്തോടെ മാത്രമെ സാധനങ്ങൾ വാങ്ങുകയുള്ളൂ.

(സി) ഇപ്രകാരം ചില ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ആരോപണങ്ങൾ പ്രഥമദൃഷ്ട്യാ കഴമ്പുള്ളതായി കാണുന്നപക്ഷം അന്വേഷണം നടത്താവുന്നതാണ്.

1970 ഏപ്രിൽ മാസത്തിന് മുൻപ് ഡിഫൻസ് സർവീസിൽ ഉണ്ടായിരുന്നവരുടെ സംസ്ഥാന സർവീസിലെ പെൻഷൻ പ്രായം

140 [1316] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1970 ഏപ്രിൽ മാസത്തിനു മുൻപ് ഡിഫൻസ് സർവീസിൽ ഉണ്ടായിരുന്നവർക്ക് സംസ്ഥാന സർക്കാരിൽ പുനർനിയമനം ലഭിച്ചിട്ടുണ്ടെങ്കിൽ (ലാസ്റ്റ് ഗ്രേഡ്) 60 വയസ്സുവരെ തുടരാം എന്ന ഉത്തരവ് നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഈ ഉത്തരവ് കെ.എസ്.ഐ.ഡി.സി.-യിൽ നടപ്പിലാക്കാത്തതിന് കാരണം വ്യക്തമാക്കാമോ;

(സി) ഇത് നടപ്പിലാക്കിയാൽ കെ.എസ്.ഐ.ഡി.സി.-യിൽ ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിക്കും;

(ഡി) കെ.എസ്.ഐ.ഡി.സി.-യിൽ ലാസ്റ്റ് ഗ്രേഡ് സർവീസുകാരുടെ പെൻഷൻ പ്രായം എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സർവ്വീസ് റൂൾസ് അനുസരിച്ച് 60 വയസുവരെ തുടരാവുന്നതാണ്.

(ബി) കെ. എസ്. ഐ. ഡി. സി.-ക്ക് കെ. എസ്. ആർ. ബാധകമല്ല. കെ.എസ്.ഐ.ഡി.സി.-ക്ക് സ്വന്തമായ സേവനവേതന വ്യവസ്ഥകളടങ്ങുന്ന സ്റ്റാഫ് റൂൾസ് ആന്റ് റഗുലേഷൻസ് ഉണ്ട്. ഇതനുസരിച്ച് കെ.എസ്.ആർ.-ലെ ആനുകൂല്യങ്ങൾക്ക് അർഹതയില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) പാർട്ട്ടൈം കണ്ടിജന്റ് വിഭാഗമൊഴിച്ചുള്ള എല്ലാ ജീവനക്കാരുടെയും റിട്ടയർമെന്റ് പ്രായം 58 വയസ് ആണ്. പാർട്ട്ടൈം കണ്ടിജന്റ് കാർക്ക് 60 വയസുവരെ തുടരാം.

കശുവണ്ടി വ്യവസായമേഖലയിലെ തൊഴിൽ ദിനങ്ങൾ

141 [1318] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖലയിൽ 1996-1997 സാമ്പത്തികവർഷം മുതൽ 2004-2005 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും എത്ര തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ സാമ്പത്തികവർഷവും ഈ മേഖലയിലെ തൊഴിലാളികൾക്ക് ലഭിച്ച ശരാശരി വേതനം എത്രയാണെന്നത് സംബന്ധിച്ച് വ്യക്തമായ കണക്കുകൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly